**പൊതുവിവരങ്ങൾ**

സാമുദായിക സാമൂഹിക സാംസ്കാരിക മേഖലകളിൽ അതുലസേവനങ്ങൾ നല്കി പ്രതിഭയും മികവും തെളിയിച്ച കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങളായ ശ്രേഷ്ഠവ്യക്തികളെ അംഗീകരിച്ച് ആദരിക്കുന്നതിന് 2014 മുതൽ, കേരള ലത്തീൻ കത്തോലിക്കാ സമൂഹത്തിന്റെ ഉന്നതനയരൂപീകരണസമിതി കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെ.ആർ.എൽ.സി.സി.) പ്രതിവർഷം നല്കുന്നതാണ് കെ.ആർ.എൽ.സി.സി. അവാർഡ്. പ്രശസ്തിപത്രം, ശില്പം, ക്യാഷ് എന്നിവ അടങ്ങുന്നതാണ് അവാർഡ്. അവാർഡുതുക കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും. ഒരു വർഷം ഒരു മേഖലയിലെ ഒരാൾക്കുവീതമായിരിക്കും ഇതു നല്കുന്നത്.

ഇത്തവണ 2019 ഡിസംബർ 8-ാം തീയതി കൊല്ലത്തു നടക്കുന്ന സമ്മേളനത്തിൽ അവാർഡ് സമർപ്പണം നടത്തുന്നതാണ്.

## A. അവാർഡുവിഭാഗങ്ങൾ

1. **സമൂഹനിർമിതി അവാർഡ്**

   സാമൂഹിക-രാഷ്ട്രീയപ്രവർത്തനം, സഭാ-സമുദായ സംഘടനാ പ്രവർത്തനം, ആതുരശുശ്രൂഷ, ലഹരിവിരുദ്ധയത്നങ്ങൾ, വനിതാക്ഷേമം പോലുള്ള മേഖലകൾ.

2. **സാഹിത്യഅവാർഡ്**

   നോവൽ, കഥ, കവിത, നാടകം, ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം, ബാലസാഹിത്യം.

3. **വൈജ്ഞാനികസാഹിത്യ അവാർഡ്**

   ലേഖനസമാഹാരം, നിരൂപണം, ചരിത്രം, ശാസ്ത്രം, ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, വിവർത്തനം, വ്യാകരണം.

   *അവാർഡ് വിളംബരതീയതിക്കു മുമ്പത്തെ അഞ്ചുവർഷത്തിനിടയിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളാണ് സാഹിത്യഅവാർഡിനും വൈജ്ഞാനിക സാഹിത്യ അവാർഡിനും പരിഗണിക്കുന്നത്. എന്നാൽ, സമർപ്പിക്കപ്പെട്ട കൃതികൾ പരിഗണനാർഹമല്ലെന്നു തോന്നുന്നപക്ഷം, എഴുത്തുകാരുടെ സമഗ്രസംഭാവന വിലയിരുത്തിയും അവാർഡ് നിർണയിക്കാൻ ജൂറിക്ക് അധികാരമുണ്ടായിരിക്കും.*

4. **മാധ്യമ അവാർഡ്**

   അച്ചടി, ദൃശ്യ, ശ്രവ്യ, ഡിജിറ്റൽ മാധ്യമലോകം.

5. **കലാപ്രതിഭ അവാർഡ്**

   സിനിമ, ടി.വി, റേഡിയോ, നാടകവേദി, ചവിട്ടുനാടകവേദി, സംഗീതം, ആലാപനം, വാദ്യോപകരണം, ചിത്ര-ശില്പകല.

6. **വിദ്യാഭ്യാസ-ശാസ്ത്ര അവാർഡ്**

   വിദ്യാദാനശുശ്രൂഷ, ശാസ്ത്ര-സാങ്കേതിക മേഖല.

7. **കായിക അവാർഡ്**

   പ്രകടനം, പങ്കാളിത്തം, കോച്ചിങ് തുടങ്ങി കായികരംഗത്ത് മികച്ച സംഭാവനകൾ നല്കിയ വ്യക്തി.

8. **സംരംഭക അവാർഡ്**

വ്യക്തിഗതമോ സംഘാതമോ ആയ വ്യാവസായിക-വാണിജ്യ-കാർഷിക സംരംഭങ്ങളിൽ കൈവരിച്ച നേട്ടങ്ങളുടെ ഉടമ.

9. **യുവത അവാർഡ്**

18-40 വയോപരിധിയിൽ വരുന്ന ഒരു യുവജനപ്രവർത്തകൻ/പ്രവർത്തക.

## B. അവാർഡ് നിർണയരീതി

a. കെ.ആർ.എൽ.സി.ബി.സി.പ്രസിഡണ്ട്/വൈസ്പ്രസിഡണ്ട്, കെ.ആർ.എൽ.സി. ബി.സി സെക്രട്ടറിജനറൽ/ഡപ്യൂട്ടി സെക്രട്ടറിജനറൽ, കെ.ആർ.എൽ.സി.സി യുടെ നാല് അല്മായ ഭാരവാഹികളിൽ ഒരാൾ, തിരഞ്ഞെടുക്കപ്പെട്ട നാല് പ്രഗല്ഭമതികൾ എന്നിവരടങ്ങുന്നതായിരിക്കും ജൂറി (ഏഴു പേർ). ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. അർഹരായവരെ കണ്ടെത്താൻ കഴിയാത്തപ ക്ഷം, ആ വർഷം അവാർഡുനല്കേണ്ടതില്ല എന്നു തീരുമാനിക്കാനും ജൂറിക്ക് അധികാരമുണ്ടായിരിക്കും.

b. കെ.ആർ.എൽ.സി.സി. എക്സിക്യൂട്ടീവ് അംഗീകരിച്ച പാനൽ ഓഫ് ജൂറിയിൽ നിന്ന് കെ.ആർ.എൽ.സി.സി.പ്രസിഡണ്ട് അതതുവർഷം തിരഞ്ഞെടുക്കുന്നവ രായിരിക്കും ജൂറിയിലെ നാല് അംഗങ്ങൾ. ഇവർ തൊട്ടടുത്ത വർഷം ജൂറി യിൽ ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

c. അവാർഡിന് യോഗ്യരായവരെ സമുദായാംഗങ്ങൾക്ക് നിർദേശിക്കാവുന്ന താണ്. വിവിധമേഖലകളിൽ ശ്രദ്ധേയരായ സമുദായാംഗങ്ങൾക്ക് അവാർഡു നിർദേശങ്ങൾ ക്ഷണിച്ചുകൊണ്ട് ഈ കത്തുകൾ കേന്ദ്രകാര്യാലയത്തിൽനിന്ന് അയയ്ക്കുന്നുണ്ട്. നിർദേശിക്കുന്നപേരുകളും അനുബന്ധരേഖകളും (പുസ്ത കങ്ങളാണെങ്കിൽ മൂന്നുകോപ്പികൾ) 3 പാസ്പോർട്ട്സൈസ് ഫോട്ടോകളും നിശ്ചിതതീയതിക്കുള്ളിൽ കെ.ആർ.എൽ.സി.സി. ഓഫീസിൽ എത്തിച്ചിരിക്ക ണം. അവസാനതീയതി 2019 ഒക്ടോബർ 20 എന്നത് മുഖക്കുറിപ്പിൽ കാണിച്ചി ട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

d. അയച്ചുകിട്ടിയ നിർദേശങ്ങളും പേരുകളും പുസ്തകങ്ങളും ജൂറിക്കു മുമ്പിൽ കെ.ആർ.എൽ.സി.സി. ജനറൽസെക്രട്ടറി എത്തിക്കുകയും ജൂറിഅംഗങ്ങൾ അവാർഡുനിർണയംനടത്തി രേഖാമൂലം സമർപ്പിക്കുകയും ചെയ്യും. ഔദ്യോ ഗികമായ ഫലപ്രഖ്യാപനം കെ.ആർ.എൽ.സി.ബി.സി. പ്രസിഡന്റ്/സെക്രട്ടറി ജനറൽ നടത്തുന്നതായിരിക്കും. ഇതുസംബന്ധിച്ച ഒരു വിവരവും ജൂറിഅംഗ ങ്ങൾ വെളിപ്പെടുത്താൻ പാടുള്ളതല്ല.

e. നിങ്ങളുടെ നിർദേശങ്ങളും വിവരങ്ങളും പേരുകളും രഹസ്യസ്വഭാവത്തോടെ സൂക്ഷിക്കുന്നതിന് അഭ്യർഥിക്കുന്നു.

ഫാ. ഫ്രാൻസിസ് സേവ്യർ
ജനറൽ സെക്രട്ടറി, കെ.ആർ.എൽ.സി.സി.